(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഒരു തവണ മാത്രമേ കുടിവെള്ളത്തിന്റെ വില വർദ്ധിപ്പിച്ചിട്ടുള്ളൂ. ആയത് 1-9-2008-ൽ പ്രാബല്യത്തിൽ വന്നു.

(സി) അതെ.

(ഡി) നിലവിൽ ഗാർഹിക ആവശ്യത്തിന് വിതരണം ചെയ്യുന്ന കുടിവെള്ളത്തിന് കിലോ ലിറ്ററിന് ഏറ്റവും കുറഞ്ഞത് 4 രൂപ മുതൽ 25 രൂപവരെയുള്ള നിരക്കിലും ഗാർഹികേത ആവശ്യത്തിന് കിലോ ലിറ്ററിന് 10 രൂപ മുതൽ 25 രൂപ വരെയുള്ള നിരക്കിലും വ്യാവസായിക ആവശ്യത്തിന് കിലോ ലിറ്ററിന് 25 രൂപ നിരക്കിലുമാണ് വില ഈടാക്കുന്നത്.

(ഇ) വാട്ടർ അതോറിറ്റി പൊതുടാപ്പുകൾ വഴി നൽകുന്ന വെള്ളത്തിന് വില ഈടാക്കുന്നുണ്ട്.

(എഫ്) പൊതുടാപ്പുകൾ വഴി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ വില ടാപ്പുകൾ നിലവിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുമാണ് ഈടാക്കുന്നത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായുള്ള ധാരണ പ്രകാരം നിലവിൽ ഗ്രാമീണ പ്രദേശങ്ങളിലുള്ള ടാപ്പിൽകൂടി പ്രതിദിനം 2.4 കിലോ ലിറ്റർ കുടിവെള്ളവും നഗര പ്രദേശത്തെ ടാപ്പിൽകൂടി 3.6 കിലോ ലിറ്റർ കുടിവെള്ളവും വിതരണം ചെയ്യും എന്ന ക്രമത്തിൽ ഗാർഹിക വിഭാഗത്തിന്റെ ഏറ്റവും കുറഞ്ഞ വിലയായ 4 രൂപ നിരക്കിൽ പ്രതിവർഷത്തേക്ക് ഗ്രാമീണ ടാപ്പിൽ നിന്നും 3500 രൂപയും നഗര ടാപ്പിൽ നിന്ന് 5256 രൂപയുമാണ് ഈടാക്കുന്നത്.

ഉടുമ്പൻചോല വാട്ടർ സപ്ലൈ സ്കീം

68 (2167) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എന്നാണ് ഉടുമ്പൻചോല വാട്ടർ സപ്ലൈ സ്കീം കമ്മീഷൻ ചെയ്തതെന്ന് വെളിപ്പെടുത്തുമോ ;

(ബി) എത്ര പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട് ;

(സി) എത്ര കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പഞ്ചായത്തിലെ ഏതെല്ലാം പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഈ സ്കീം പ്രയോജനപ്പെടുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കിയ ഉടുമ്പൻചോല ശുദ്ധജല വിതരണ പദ്ധതി 2004-ൽ ആരംഭിച്ച് 10-9-2010-ൽ പദ്ധതി കമ്മീഷൻ ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1.70 എം.എൽ.ഡ.(17 ലക്ഷം ലിറ്റർ) ശേഷിയുള്ള ഒരു പ്രഷർ ഫിൽറ്റർ ആണ് സ്ഥാപിച്ചിട്ടുള്ളത്.

(സി) 43 പൊതുടാപ്പുകൾ ഉണ്ട്.

(ഡി) 4076 കുടുംബങ്ങൾക്ക് (20380 പേർക്ക്) പ്രയോജനം ലഭിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഉടുമ്പൻചോല പഞ്ചായത്തിലെ 1 മുതൽ 10 വരെയുള്ള വാർഡുകളിലെ ജനങ്ങൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും.

കോഴിക്കോട് കുളിമാടിലും പുളക്കടവിലുമുള്ള പമ്പിംഗ് സ്റ്റേഷനിലെ മോട്ടോറുകളെ സംബന്ധിച്ച വിശദാംശം

70 (2958) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.ഡബ്ല്യു.എ. യുടെ കോഴിക്കോട് കുളിമാടിലും പുളക്കടവിലുമുള്ള പമ്പിംഗ് സ്റ്റേഷനിലെ മോട്ടോറുകളുടെ എണ്ണം, അവ ഓരോന്നും സ്ഥാപിച്ച തീയതി, മോട്ടോറുകളെ സംബന്ധിച്ച വിശദാംശം എന്നിവ വ്യക്തമാക്കുമോ ;

(ബി) ഈ മോട്ടോറുകൾ സ്ഥാപിച്ചതിനുശേഷം ഓരോന്നും എത്ര തവണ കേടായെന്നും അവ നന്നാക്കുന്നതിന് ഓരോ തവണയും എന്തു തുക വീതം ചെലവഴിച്ചുവെന്നും തീയതി സഹിതം വിശദമാക്കുമോ ;

(സി) ഈ തുക അനുവദിക്കുമ്പോൾ യഥാർത്ഥ ആവശ്യങ്ങൾക്കാണോ തുക അനുവദിച്ചതെന്ന് പരിശോധന നടത്തിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് കുളിമാട്, പുളക്കടവ് പമ്പ് ഹൗസുകളുടെ മോട്ടോറുകളുടെ എണ്ണവും വിശദാംശങ്ങളും അനുബന്ധനമായി ചേർത്തിരിക്കുന്നു.*

(ബി) ഈ മോട്ടോറുകൾ കഴിഞ്ഞ മൂന്ന് വർഷത്തിൽ കേട് വന്ന തീയതിയും അതിനായി ചിലവഴിച്ച തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) പരിശോധിക്കാറുണ്ട്.

(ഡി) മോട്ടോറിന്റെ റിപ്പയർ പ്രവൃത്തി കഴിഞ്ഞാൽ അസി. എഞ്ചിനീയർ പ്രവൃത്തി എം.ബുക്കിൽ രേഖപ്പെടുത്തും. മേൽ പ്രവൃത്തി അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർമെന്റ് നടത്തും. മേൽ പ്രവർത്തിയുടെ ബിൽ ടെണ്ടർ/ക്വട്ടേഷൻ പാസാവുന്ന മുറക്ക് സി.ബി 3 എഴുതി ബില്ല് പാസ്സാക്കി പെൻഡിംഗ് ആക്കി വെക്കും. മേൽ ബില്ല്

LIBRARY ARCHIVES Kerala Legislative Assembly